കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 02.08.2025 മുതൽ 06.08.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 31/2025, (61) വെള്ളിയാഴ്ച | തീയ്യതി 01/08/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 02.08.2025 | 03.08.2025 | 04.08.2025 | 05.08.2025 | 06.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 8 | 5 | 3 | 20 | 20 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 340 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ചിനപ്പ്പൊട്ടുന്ന പരുവം | പരിചരണം/ വളപ്രയോഗം | മഴയുടെ ശക്തി കുറഞ്ഞ സാഹചര്യത്തിൽ നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി മഗ്നീഷ്യം, സൾഫർ, ബോറോൺ, സിങ്ക്, കോപ്പർ, അയൺ, മാംഗനീസ്, മോളിബ്ഡിനം എന്നിവ അടങ്ങിയിട്ടുള്ള കാർഷിക സർവ്വകലാശാലയിൽ ലഭ്യമായ നെല്ലിന്റെ സമ്പൂർണ്ണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുക. കൂടാതെ ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ഒരേക്കർ നെല്പാടത്തിന് 15 കിലോഗ്രാം യൂറിയ, 8 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ രാസ വളങ്ങൾ ഇട്ടുകൊടുക്കാവുന്നതാണ് . |
| തെങ്ങ് | വളപ്രയോഗം | മണ്ണിൽ ഈർപ്പം ഉള്ളതിനാൽ തടം തുറന്ന ഓരോ വലിയ തെങ്ങിനും 25 മുതൽ 50 കിലോഗ്രാം വരെ ജൈവവളം തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. കൂടാതെ 0.5 കിലോഗ്രം മെഗ്നീഷ്യം സൾഫേറ്റും ചേർത്ത് കൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | അന്തരീക്ഷ ആർദ്രത കൂടുതലായതിനാൽ പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ഗ്രാം കാർബെൻഡാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക |

മൃഗസംരക്ഷണം-: മഴക്കാലത്ത് കാലിത്തൊഴുത്തിന്റെ പരിസര പ്രദേശങ്ങളിൽ വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നത് തടയുക. ആവശ്യമെങ്കിൽ പശുക്കളുടെ ശരീരത്തിലോ, തൊഴുത്തിലോ കൊതുകിനും, ഈച്ചക്കും എതിരെയുള്ള മരുന്ന് വിദഗ്ദോപദേശപ്രകാരം ഉപയോഗിക്കേണ്ടതാണ്. (CAADECCS, KVASU, Mannuthy).